13-ാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:208** — **26.03.2013-ൽ മറുപടിയ്ക്ക്**

## അനുബന്ധമേഖലയുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, ബെന്നി ബെഹനാൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാസ്ഥാപനങ്ങൾ ആശ്രയിക്കുന്ന അനുബന്ധ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണു തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) പൊതുമേഖലാസ്ഥാപനങ്ങൾ ആശ്രയിക്കുന്ന അനുബന്ധ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വെണ്ടേഴ്സ് മീറ്റ്, എക്സിബിഷൻ, ബി ടു സി തുടങ്ങിയ പരിപാടികൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടത്തുന്നുണ്ട്. ഇന്ത്യയ്ക്ക് അകത്തും പുറത്തുനിന്നുമുള്ള വ്യവസായികളും സംഘടനകളുമായി വ്യാപാര ബന്ധം സ്ഥാപിക്കുവാനും വിവിധ തരം വ്യവസായ ഉല്പന്നങ്ങളെ കുറിച്ച് മനസ്സിലാക്കാനും ഇത്തരം പ്രോഗ്രാം വഴി കഴിയുന്നുണ്ട്. |
| (ബി) ഇതിനായി പ്രത്യേകപദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അനുബന്ധ വ്യവസായ സ്ഥാപനങ്ങളെ പ്രത്യേകിച്ചും MSME യൂണിറ്റുകളെ യോജിപ്പിച്ചുകൊണ്ട് വെണ്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചു വരുന്നു. രാജ്യത്തിനകത്തെ പ്രധാന പൊതുമേഖലാസ്ഥാപനങ്ങളെ Buyers എന്ന രീതിയിലും സംസ്ഥാനത്തെ MSME യൂണിറ്റുകളെ Sellers എന്ന രീതിയിലും അണിനിരത്തിക്കൊണ്ടു നടത്തുന്ന വെണ്ടേഴ്സ് മീറ്റ് ഈ വർഷവും സംസ്ഥാന തലത്തിൽ തിരുവനന്തപുരത്തു വച്ചു നടന്നിരുന്നു. |

| | | | |
|---|---|---|---|
| (സി) | പുത്തൻ അനുബന്ധവ്യവസായ യൂണിറ്റുകൾക്കുള്ള ധനസഹായത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | പുതുതായി നടപ്പിലാക്കുന്ന സംരംഭ സഹായ പദ്ധതി (ESS) പ്രകാരം ഇത്തരം യൂണിറ്റുകൾക്ക് ധനസഹായം നൽകാൻ കഴിയും. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്? | (ഡി) | സംരംഭ സഹായ പദ്ധതി (ESS) യിൽ മറ്റ് മേഖലയിലെ വ്യവസായ സ്ഥാപനങ്ങളോടൊപ്പം അനുബന്ധ വ്യവസായ മേഖലകൾക്കും സാമ്പത്തിക സഹായം ചെയ്തു വരുന്നു. ഇതിനായുള്ള പദ്ധതി പരസ്യപ്പെടുത്തുകയും അപേക്ഷകൾ സ്വീകരിച്ച് ധനസഹായം നൽകി വരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**